**KERALA STATE HAJ COMMITTEE**
*(Constituted under the Act of Parliament No. 35 of 2002)*
HAJ HOUSE, CALICUT AIRPORT P.O.,
MALAPPURAM Dist., KERALA - 673 647.

Phone: 0483-2710717, 0483-2717572
Website: keralahajcommittee.org
E-mail: keralahajcommittee@gmail.com
Mob: 8281 707 785

No: H2-127/2022/KSHC                                                                 Date: 12.05.2022

**പ്രസിദ്ധീകരണത്തിന്.**
**ഹജ്ജ് ക്യാമ്പ് -2022 ഓർഗനൈസിങ്ങ് കമ്മിറ്റി രൂപീകരണ യോഗം നാളെ.**

കരിപ്പൂർ:

സംസ്ഥാന ഹജ്ജ് കമ്മിറ്റിയുടെ ഈ വർഷത്തെ ഹജ്ജ് ക്യാമ്പ് ഓർഗനൈസിങ്ങ് കമ്മിറ്റി രൂപീകരണ യോഗം നാളെ (13.05.2022 വെള്ളി) വൈകുന്നേരം നാല് മണിക്ക് കരിപ്പൂർ ഹജ്ജ് ഹൗസിൽ ചേരും.

ബഹു സംസ്ഥാന കായിക, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പ് മന്ത്രി വി അബ്ദു റഹ്മാൻ യോഗം ഉദ്ഘാടനം ചെയ്യും. ഹജ്ജ് കമ്മിറ്റി ചെയർമാൻ സി മുഹമ്മദ് ഫൈസി, എം പി മാർ, എം എൽ എ മാർ, ഹജ്ജ് കമ്മിറ്റി മെമ്പർമാർ, മലപ്പുറം, എറണാകുളം ജില്ലാ കലക്ടർമാർ, ജന പ്രതിനിധികൾ, മത, രാഷ്ട്രീയ, സന്നദ്ധ സംഘടനാ ഭാരവാഹികൾ തുടങ്ങിയവർ യോഗത്തിൽ സംബന്ധിക്കും.

ഹാജിമാർ ക്യാമ്പിൽ റിപ്പോർട്ട് ചെയ്യുന്നത് മുതൽ യാത്രയാകുന്നത് വരെയുള്ള വിവിധ പ്രവർത്തനങ്ങളുടെ ഏകോപനത്തിനായി വ്യത്യസ്ത സമിതികളിലായി വകുപ്പ് മന്ത്രിയുൾപ്പെടുന്ന വിപുലമായ ഓർഗനൈസിങ്ങ് കമ്മിറ്റിയാണ് രൂപീകരിക്കുന്നത്. ജന പ്രതിനിധികൾ, മത, രാഷ്ട്രീയ, സന്നദ്ധ സംഘടനാ പ്രതിനിധികൾ തുടങ്ങിയവർ സംഘാടക സമിതിയിൽ അംഗങ്ങളായിരിക്കും.

സംഘാടക സമിതി രൂപീകരണ യോഗം വിജയിപ്പിക്കുന്നതിനു മുഴുവൻ ജനപ്രതിനിധികൾ, മത, രാഷ്ട്രീയ, സന്നദ്ധ സംഘടാന ഭാരവാഹികൾ നാളെ വൈകുന്നേരം നാല് മണിക്ക് ഹജ്ജ് ഹൗസിൽ വെച്ച് ചേരുന്ന യോഗത്തിൽ സംബന്ധിക്കണമെന്ന് സംസ്ഥാന ഹജ്ജ് കമ്മിറ്റി ചെയർമാൻ അഭ്യർത്ഥിച്ചു.

(ഒപ്പ്)
**അസി. സെക്രട്ടറി**
കേരള സംസ്ഥാന ഹജ്ജ് കമ്മിറ്റി.

Kerala State Haj Committee • Haj House, P.O. Calicut Airport
Malappuram Pin 673 647